LIBRARY ARCHIVES Kerala Legislative Assembly

കോവളത്തെ സർക്കാർ അതിഥി മന്ദിരത്തിലെ അറ്റകുറ്റപ്പണികൾ

322 [2379] ശ്രീ. ഷിബു ബേബിജോൺ:

,, ഉമേഷ് ചള്ളിയിൽ:

,, എ. എൻ. രാജൻ ബാബു:

,, കെ. കെ. ഷാജു:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളത്തെ സർക്കാർ അതിഥി മന്ദിരത്തിലെ മുറികൾ അറ്റകുറ്റപ്പണികളുടെ അഭാവംമൂലം താമസയോഗ്യമല്ലാതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ അതിഥി മന്ദിരം അടിയന്തിരമായി താമസയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) അതിഥി മന്ദിരത്തിന് അറ്റകുറ്റപ്പണികൾ ആവശ്യമെന്ന് ബോധ്യമായാൽ അവ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സർക്കാർ സ്കൂളുകളുടെ നിലവാരം ഉയർത്താൻ നടപടി

323 [2380] ശ്രീ. പി. കെ. അബ്ദുറബ്ബ്:

,, പി. കെ. കെ. ബാവ:

,, സി. മോയിൻകുട്ടി:

,, ടി. പി. എം. സാഹിർ:

,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സ്കൂളുകളിലെ വിജയശതമാനം കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൻമൂലം ഗവൺമെന്റ് സ്കൂളുകളിൽ കുട്ടികളെ പഠിപ്പിക്കാൻ രക്ഷാകർത്താക്കൾ വിസമ്മതിക്കുകയും അതിനാൽ മിക്ക സ്കൂളുകളും അടച്ചുപൂട്ടേണ്ട സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് സ്കൂളുകളിലെ വിജയശതമാനം കൂടിവരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. എന്നാലും, ഹയർ സെക്കന്ററി വിഭാഗത്തിൽ വിജയശതമാനം തീരെ കുറഞ്ഞ ചില സർക്കാർ സ്കൂളുകൾ ഉണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) ഇപ്രകാരം ഒരു സ്ഥിതിവിശേഷം ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഗവൺമെന്റ് സ്കൂളുകളിൽ അഡ്മിഷൻ വർദ്ധിപ്പിക്കുന്നതിനും ഉയർന്ന വിജയശതമാനം ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അദ്ധ്യാപകരുടെ ഒഴിവുകളുണ്ടെങ്കിൽ അവ ഡെയിലിവേജസ് അടിസ്ഥാനത്തിൽ നികത്തുന്നതിനും അക്കാദമിക് ഇൻസ്പെക്ഷൻ ശക്തമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. പി.റ്റി.എ.-യുടെ നേതൃത്വത്തിൽ പ്രത്യേക കോച്ചിംഗ് നൽകുന്നുണ്ട്. കൂടാതെ പഠനോപകരണങ്ങൾ വാങ്ങുന്നതിനും, സ്കൂളുകളിലെ മറ്റ് സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശകൾ

324 [2381] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിഗണിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ. അതിനാൽ വിശദാംശങ്ങൾ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപക നിയമനം

325 [2382] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എം. കുമാരൻ:
,, പി. നാരായണൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടാനുള്ള വ്യവസ്ഥ നടപ്പാക്കുന്നത് പരിഗണിക്കുവാൻ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly